IKM

"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി തകരപ്പറമ്പ്-ഈഞ്ചക്കൽ-എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 626/2009 നമ്പർ കേസിൽ (EP 43/15)തിരുവനന്തപുരം സബ്കോടതിയിൽ ഒത്തുതീർപ്പാക്കിയ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന്-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1362/2026/LSGD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:- 1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18.03.2019

2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 22.04.2026 തീയതിയിലെ എ3/1741/2009/ടിഡ നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായ തകരപ്പറമ്പ്-ഈഞ്ചക്കൽ-എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ ശ്രീ. ശ്രീകണ്ഠൻ നായരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 626/2009 നമ്പർ കേസിൽ തിരുവനന്തപുരം സബ്കോടതിയിൽ നടന്ന 13/01/2026-ലെ മീഡിയേഷനിൽ ഒത്തുതീർപ്പാക്കിയ തുകയായ 3,30,000/- രൂപ (മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി തകരപ്പറമ്പ്-ഈഞ്ചക്കൽ-എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവെ നം. 560/216 (റീ സർവെ നം. 560/216/9) -ൽ ഉൾപ്പെട്ടതും ശ്രീ. ശ്രീകണ്ഠൻ നായരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.03 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 626/2009 നമ്പർ കേസിൽ, 13/01/2026-ലെ മീഡിയേഷനിൽ ഒത്തുതീർപ്പിലെത്തിയ തുകയായ **3,30,000/- രൂപ (മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീ. ശ്രീകണ്ഠൻ നായർക്ക് (S/o തങ്കപ്പൻ പിള്ള, ടി.സി 37/496, വെസ്റ്റ് ഫോർട്ട് പി.ഒ, വഞ്ചിയൂർ, തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. ശ്രീകണ്ഠൻ നായർ, S/o തങ്കപ്പൻ പിള്ള, ടി.സി 37/496, വെസ്റ്റ് ഫോർട്ട് പി.ഒ, വഞ്ചിയൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി, തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/115/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 27-07-2026
12:04:34

സെക്ഷൻ ഓഫീസർ